ഉത്തരം

മംഗല്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ചിട്ടുള്ള വരുമാനം

28 [2494] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02, 2002-03, 2003-04 വർഷങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ചിട്ടുള്ള വരുമാനമെത്രയാണ്;

(ബി) 2004-05-ൽ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതിലൂടെ സർക്കാർ ഉദ്ദേശിച്ചതരത്തിൽ റവന്യൂ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) വരുമാനം താഴെ കൊടുക്കുന്നു.

വർഷം	വരുമാനം
2001-02	312.84 കോടി രൂപ
2002-03	395.32 കോടി രൂപ
2003-04	419.13 കോടി രൂപ

(ബി & സി) സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകളിൽ കുറവു വരുത്തി ഇറക്കിയ ഉത്തരവിനു പിന്നാലെ ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 5-1-2004 തീയതി മുതൽ പ്രാബല്യത്തിൽ മറ്റൊരു ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ 19-2-2004-ൽ ന്യായവില ഉത്തരവ് പിൻവലിക്കുകയും, കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് തുടരുകയും ചെയ്തതുമൂലം വരുമാനത്തിൽ കുറവാണ് ഉണ്ടായിട്ടുള്ളത്.

സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ വരുമാനം

29 [2495] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്റ്റാമ്പ്ഡ്യൂട്ടി കുറയ്ക്കുവാൻ തീരുമാനമെടുത്തത് ഏതെങ്കിലും സമിതിയുടെ ശുപാർശകൾ പ്രകാരമായിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly